# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 03 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## കൊറോണ: കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ പരിശോധനയ്ക്ക് എത്തിയവർ സുരക്ഷിതർ

കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ പരിശോധനയ്ക്കായി എത്തിയ ആർക്കും കൊറോണ വൈറസ് ബാധിച്ചതായി കണ്ടെത്തിയിട്ടില്ലെന്ന് നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അറിയിച്ചു. ചൈനയിൽ നിന്ന് മടങ്ങിയെത്തിയ 4 പേർക്ക് രോഗലക്ഷണങ്ങൾ കണ്ടെത്താൻ കഴിയാത്തതിനാൽ വീട്ടിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്. നിരീക്ഷണത്തിൽ രോഗ ലക്ഷണങ്ങൾ ഒന്നും കാണാതിരുന്നതിനാലാണ് തിരിച്ചയച്ചത്. രണ്ട് ദിവസങ്ങൾക്ക്മുൻപ് ചൈനയിൽ നിന്ന് എത്തിയ മറ്റൊരു വിദ്യാർത്ഥിനിയുടെയും ആ കുട്ടിയുമായി അടുത്ത് ഇടപഴകിയ കുടുംബാംഗങ്ങൾ ഉൾപ്പെടെ 16 പേരുടെയും രക്തസാമ്പിൾ ആലപ്പുഴ വൈറോളജി ലാബിലേക്ക് പരിശോധനയ്ക്കയച്ചതായും പരിശോധന ഫലം ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ചെയർമാൻ പറഞ്ഞു. ഫലം ലഭിച്ചു കഴിഞ്ഞാൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കും. ആസ്പത്രിയിലെ പേ വാർഡിലുണ്ടായിരുന്ന രോഗികളെ മാറ്റി ആ വാർഡ് കൊറോണ വൈറസ് ചികിത്സാ ആവശ്യത്തിനായി പ്രത്യേകം മാറ്റി വെച്ചിട്ടുണ്ട്. നഗരസഭയിലെ ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി വർക്കർമാർ എന്നിവർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തിക്കഴിഞ്ഞു. കൂടാതെ ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

## കൊറോണ പ്രതിരോധം
## കളക്ടറേറ്റ് കൺട്രോൾ റൂം

കൊറോണ രോഗം സ്ഥിരീകരിച്ച് മെഡിക്കൽ കോളേജിൽ നിരീക്ഷണത്തിൽ കഴിയുന്ന വിദ്യാർത്ഥിനിയുടെ രണ്ട് സാമ്പിളുകൾ കൂടി പൂനെയിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചതിന്റെ ഫലം പോസിറ്റീവായി. ഫലം നെഗറ്റീവ് ആകുന്നതുവരെ ഒന്നിടവിട്ട ദിവസങ്ങളിൽ സാമ്പിൾ അയക്കും. വിദ്യാർത്ഥിനിയുടെ ആരോഗ്യ നില തൃപ്തികരമായി തുടരുന്നു. ഇന്ന് രണ്ടു പേരെ കൂടി ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചു. നിലവിൽ 24 പേരാണ് ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലുമായി നിരീക്ഷണത്തിലുള്ളത്. ജില്ലാ ആശുപത്രിയിൽ 8 പേരും മെഡിക്കൽ കോളേജിൽ 16 പേരുമാണ് നിരീക്ഷണത്തിലുള്ളത്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം 165 ആണ്. ജനറൽ ആശുപത്രിയിൽ നിന്ന് രണ്ടും മെഡിക്കൽ കോളേജിൽ നിന്ന് മൂന്നും ഉൾപ്പെടെ 5 സാമ്പിളുകൾ പുതുതായി പരിശോധനയ്ക്ക് അയച്ചു. ഇതു വരെ ജില്ലയിൽ നിന്ന് പരിശോധനയക്ക് അയച്ചത് 50 സാമ്പിളുകളാണ്. 10 സാമ്പിളുകളുടെ ഫലം

ഇതു വരെ ലഭിച്ചതിൽ രോഗം സ്ഥിരീകരിച്ച പെൺകുട്ടിയുടെ ഫലം മാത്രമേ പോസിറ്റീവ് ആയി ലഭിച്ചിട്ടുള്ളൂ. പൂനെയിൽ നിന്ന് 5 സാമ്പിളുകളുടെയും ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 35 സാമ്പിളുകളുടെയും ഫലം ഇനിയും ലഭിക്കാനുണ്ട്.

രോഗത്തെക്കുറിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി വിവിധ പരിപാടികളാണ് ജില്ലാ ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിൽ തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസ് ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന ആളുകളുടെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനായി ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്റർ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. സുബ്രഹ്മണ്യന്റെ നേതൃത്വത്തിൽ കൗൺസിലർമാർ ടെലിഫോൺ വഴി കൗൺസിലിങ്ങ് ആരംഭിച്ചിട്ടുണ്ട്. 25 കൗൺസിലർമാരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്. നിരീക്ഷണത്തിൽ കഴിയുന്നവരുടെ ഉത്കണ്ഠ, മാനസിക സമ്മർദ്ദം, സംശയങ്ങൾ തുടങ്ങിയവ ദൂരീകരിക്കുകയും ആവശ്യമെങ്കിൽ ചികിത്സ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ, ജീവനക്കാർ, ജനപ്രതിനിധികൾ, ആശാപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കുള്ള പരിശീലനപരിപാടി പൂർത്തിയാക്കി. കൂളിമുട്ടം പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിൽ മാത്രമായി 4778 വിദ്യാർത്ഥികൾക്ക് രോഗപ്രതിരോധ ബോധവൽക്കരണവും പരിശീലനവും നൽകി. 14503 പേർക്കാണ് ഇതിനകം പരിശീലനം നൽകിയത്. 102 ഹോമിയോ ഡോക്ടർമാർ 28 ആയുർവേദ ഡോക്ടർമാർക്കും എന്നിവർക്കും പരിശീലനം നൽകി.

കൊറോണയെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 40 ലക്ഷം വിദ്യാർത്ഥികളും ഒരേ സമയം കാണുന്ന രീതിയിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ വഴി അനിമേഷൻ വീഡിയോ പ്രദർശിപ്പിച്ചു. ഏതെങ്കിലും കാരണവശാൽ ഇന്ന് വീഡിയോ കാണിക്കാൻ കഴിയാത്ത സ്കൂളുകളിൽ നാളെ പ്രദർശനം നടക്കും. ഇതിനു പുറമേ നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ പ്രിന്റ് ചെയ്ത ജില്ലയിലുടനീളം വിതരണം ചെയ്തിട്ടുണ്ട്.

വ്യാജ വാർത്ത പ്രചരിപ്പിച്ച കേസിൽ ഒരാൾ കൂടി ഇന്ന് അറസ്റ്റിലായി. തിരുവഞ്ചിക്കുളം കോട്ടയത്ത് വീട്ടിൽ ഷാലു (28) ആണ് അറസ്റ്റിലായത്. ഇതോടെ അറസ്റ്റിലായവരുടെ എണ്ണം 6 ആയി. മാളയിൽ വാട്സ്ആപ്പിലൂടെ വ്യാജ സന്ദേശം പ്രചരിപ്പിച്ച കേസിൽ ഒരാൾക്കെതിരെ കേസ്സെടുത്തു.

കൊറോണ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് ജില്ലാ കൺട്രോൾ റൂമിൽ ലഭിച്ച കോളുകളിൽ പ്രധാനമായി ഉന്നയിക്കപ്പെട്ട സംശയങ്ങളും അവയ്ക്കുള്ള മറുപടിയും

1) നാട്ടികയിൽ വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നയാൾ പുറത്ത് ഇറങ്ങി നടക്കുന്നതായി പരാതി ?

ഉ: ആരോഗ്യ വകുപ്പ് ജീവനക്കാർ പോലീസിന്റെ സഹായം തേടി.

2) രോഗം സ്ഥിരീകരിച്ചവർ സഞ്ചരിച്ച വിമാനത്തിൽ യാത്ര ചെയ്തയാളുകൾ സാമ്പിൾ പരിശോധനയ്ക്ക് അയക്കേണ്ടതുണ്ടോ ?

ഉ: പരിശോധനയ്ക്ക് അയ്ക്കണം.

ജില്ലാ കളക്ടർ.